പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1076 20.01.2014 -ൽ മറുപടിയ്ക്ക്

## സ്ക്കൂളുകളിൽ മലയാള ഭാഷ നിർബന്ധമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) മലയാള ഭാഷ എല്ലാ സ്ക്കൂളുകളിലും നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്കൃതം ഒന്നും രണ്ടും ഭാഷയായി പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 01.09.2011 -ലെ ജി.ഒ(പി) നം.183/2011/പൊ.വി. ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനത്തെ സംസ്കൃതം/ അറബിക് ഓറിയന്റൽ സ്ക്കൂളുകളിൽ ഒന്നാം ഭാഷ പാർട്ട് 2 ലെ പേപ്പർ 1 അറബി/ സംസ്കൃതവും പേപ്പർ 2 മലയാളവുമായിരിക്കണം എന്നാണ് . ഈ രീതിയിൽ വരുമ്പോൾ വിവരസാങ്കേതിക വിദ്യ ഉൾപ്പെടെ 11 വിഷയങ്ങൾ കുട്ടികൾക്ക് പഠിക്കേണ്ടതായി വന്നതിനാൽ സർക്കാർ ടി വിഷയം പരിശോധിക്കുകയും 18.10.13 ലെ 42043/എസ്1/ 13/ പൊ.വി. നമ്പർ സർക്കാർ കത്ത് പ്രകാരം ഓറിയന്റൽ സ്ക്കൂളുകളിൽ ഒന്നാം ഭാഷയുടെ ഒന്നാം പേപ്പർ സംസ്കൃതം/ അറബിയും രണ്ടാം പേപ്പർ പൂർണ്ണമായും മലയാളവും പഠിപ്പിക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |

(..................2)

| | |
|---|---|
| (ബി) സംസ്കൃതം ഒന്നും രണ്ടും ഭാഷയായി പഠിക്കുന്ന കുട്ടികൾ എത്ര മാർക്കിനാണ് മലയാള ഭാഷ പഠിക്കേണ്ടത് ; | (ബി) 25 മാർക്കിനാണ് മലയാളം പഠിക്കേണ്ടത്. ഇതിൽ 20 മാർക്ക് Term Evaluation നും 5 മാർക്ക് Continuous Evaluation നും ആണ്. |
| (സി) പ്രസ്തുത കുട്ടികൾക്ക് മലയാളം പഠിക്കുവാൻ പ്രത്യേകം സിലബസ് നിലവിലുണ്ടോ ; | (സി) ഉണ്ട് മലയാളം അടിസ്ഥാന - പാഠാവലിയാണ് പഠിക്കാൻ നിർദ്ദേശി-ച്ചിട്ടുള്ളത്. |
| (ഡി) ഇവർ മലയാളം പഠിക്കുന്നതിന് കിട്ടുന്ന മാർക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കാമോ ? | (ഡി) തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ